**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - എടപ്പാൾ ഉപജില്ല - കേരള സ്കൂൾ കലോത്സവം 2019 - 20ന്റെ നടത്തിപ്പിനായി ധനസഹായം നൽകുന്നതിനുള്ള യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്**

---

**സ.ഉ.(സാധാ) നം.2549/2019/ത.സ്വ.ഭ.വ** തിരുവനന്തപുരം, തീയതി, 12/11/2019

---

പരാമർശം- കത്ത് എടപ്പാൾ ഉപജില്ലാ സ്കൂൾ കലോത്സവ ജനറൽ കൺവീനറുടെ 15/10/2019ലെ

**ഉത്തരവ്**

ഈ വർഷത്തെ എടപ്പാൾ ഉപജില്ല കേരള സ്കൂൾ കലോത്സവം 2019 നവംബർ 4 ,5, ,6, 7 തീയതികളിൽ കോക്കൂർ ഗവ. ഹയർ സെക്കണ്ടറി സ്കൂളിൽ വച്ച് നടത്തുന്നതിന് 8 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നുണ്ടെന്നും ടി കലോത്സവത്തിന് ഉപജില്ല പരിധിയിൽപ്പെടുന്ന ആറ് പഞ്ചായത്തുകളിൽ( തവനൂർ, കാലടി,എടപ്പാൾ, വട്ടംകുളം,ആലങ്കോട്, നന്നംമുക്ക്) നിന്നും 20,000/- രൂപയിൽ കുറയാത്ത സഹായം അനുവദിക്കണമെന്ന് ജനറൽ കൺവീനർ പരാമർശ കത്ത് പ്രകാരം അപേക്ഷിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. എടപ്പാൾ ഉപജില്ലാ കലോത്സവ നടത്തിപ്പിന്റെ ചെലവിലേയ്ക്ക് എടപ്പാൾ ഉപജില്ലാ പരിധിയിൽ വരുന്ന തവനൂർ, കാലടി,എടപ്പാൾ, വട്ടംകുളം,ആലങ്കോട്, നന്നംമുക്ക് എന്നീ പഞ്ചായത്തുകളിൽ നിന്നും 20,000/- രൂപയിൽ(ഇരുപതിനായിരം രൂപ) കുറയാത്ത സഹായം അതാത് സ്ഥാപനങ്ങളുടെ തനതു ഫണ്ടിൽ നിന്നും, കമ്മിറ്റി തീരുമാനത്തിന് വിധേയമായി, സംഭാവന നൽകുന്നതിനുള്ള യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)

**ബീനമോൾ കെ ജെ**

**ഡെപ്യൂട്ടിസെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

ജനറൽ കൺവീനർ, എടപ്പാൾ ഉപജില്ലാ സ്കൂൾ കലോത്സവം

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം

ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തുകൾ(പകർപ്പ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,മലപ്പുറം മുഖേന )

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ